# STD - III

## അദ്ധ്യാപക സഹായി

## പാഠം -ഒമ്പത്    ജ്ഞാനസ്നാനം ഭാഗം - ഒന്ന്

### ലക്ഷ്യം

ജലത്താലും പരിശുദ്ധാത്മാവാലും നാം നേടുന്ന പുതിയൊരു ജനനമാണ് ജ്ഞാന സ്നാനനം. ജ്ഞാനസ്നാനം സ്വീകരിച്ചതിലൂടെ എന്നിലുണ്ടായിരുന്ന ഉത്ഭവപാപം ഇല്ലാതാകുന്നു, നാം ശുദ്ധീകരിക്കപ്പെടുന്നു. ജ്ഞാനസ്നാനത്തിലൂടെ ശുദ്ധീകരിക്കപ്പെട്ട് ദൈവിക ജീവന് അവകാശികളായി ദൈവമക്കളായി തീർന്ന ഞങ്ങൾ ഇനിമേൽ പാപം ചെയ്യില്ല.

### പഠനസഹായികൾ

* വചനം : മത്താ. 3:13-17 യേശുവിന്റെ ജ്ഞാനസ്നാനം
* വചനം: മത്താ. 28:19-20 ജ്ഞാനസ്നാനം നൽകുവാൻ ആഹ്വാനം
* ജ്ഞാനസ്നാനത്തിന്റെ ചിത്രങ്ങളും വീഡിയോകളും - യൂ-ട്യൂബ്
* ഇടവകയിൽ ജ്ഞാനസ്നാന കൂദാശയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.
* CCC - 1275 - 1284 (Page 325-326); You Cat - 194, 195 - 200 - (എന്താണ് മാമ്മോദീസ, എങ്ങനെ നടത്തുന്നു, എന്ത് സംഭവിക്കുന്നു)

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോയുടെ ജ്ഞാനസ്നാനം
* ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.
* ജലത്താലും പരിശുദ്ധാത്മാവാലും നാം നേടുന്ന പുതിയൊരു ജനനമാണ് ജ്ഞാന സ്നാനം.
* ഉത്ഭവ പാപത്തിൽനിന്ന് നാം മോചിപ്പിക്കപ്പെടുന്നു. നാം ശുദ്ധീകരിക്കപ്പെടുന്നു.
* ദൈവികജീവന് നാം അവകാശികളാകുന്നു
* നാം സഭാമക്കളായിത്തീരുന്നു (സഭയിൽ അംഗങ്ങളാകുന്നു)
* നാം ദൈവമക്കളും സ്വർഗ്ഗത്തിന് അവകാശികളുമായി മാറുന്നു.

### പ്രാർത്ഥന

ഈശോയെ, ജ്ഞാനസ്നാനത്തിലൂടെ എനിക്കു ലഭിച്ച പരിശുദ്ധാത്മാവിനെ നഷ്ട പ്പെടുത്താതെ ജീവിക്കാൻ എന്നെ സഹായിക്കേണമേ.

## ചോദ്യങ്ങൾ

1. ഈശോയ്ക്ക് സ്നാനം നൽകിയതാര്?
2. പരിശുദ്ധാത്മാവ് ഏതുരൂപത്തിലാണ് ഈശോയുടെ മേൽ ഇറങ്ങിവന്നത്?
3. ഈശോയുടെ ജ്ഞാനസ്നാന സമയത്ത് സ്വർഗ്ഗത്തിൽ നിന്നു കേട്ട അശരീരി എന്തായിരുന്നു?
4. ഏതു കൂദാശയിലൂടെയാണ് നാം സഭാ മക്കളായി തീരുന്നത്?
5. ക്രൈസ്തവനാകാൻ ഒരാൾ ആദ്യം സ്വീകരിക്കേണ്ട കൂദാശ ഏതാണ്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം -ഒമ്പത് ജ്ഞാനസ്നാനം ഭാഗം - രണ്ട്

### ലക്ഷ്യം

ജ്ഞാനസ്നാനംവഴി നാം ദൈവമക്കളും സ്വർഗ്ഗത്തിന് അവകാശികളുമായി മാറുന്നു. ജ്ഞാനസ്നാനത്തിലൂടെ നമുക്കു ലഭിക്കുന്ന ദൈവികജീവനാണ് പ്രസാദവരം. ദൈവമക്കളായി ജീവിക്കുന്നതിന് നമുക്ക് ശക്തിതരുന്നത് പ്രസാദവരമാണ്.

ജ്ഞാനസ്നാനം സ്വീകരിച്ചതുവഴിയായി ദൈവാത്മാവിന്റെ ആലയങ്ങളായി തീർന്ന ഞാൻ എനിക്കു ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്താതെ എല്ലാവരുമായി സ്നേഹത്തിലും ഒരുമയിലും വളരും.

### പഠനസഹായികൾ

* CCC 1253-1255 ജ്ഞാനസ്നാന സ്വീകരണം.
* YOUCAT - 198, 201, 202 (മാമ്മോദീസ മുക്കാൻ ആർക്ക് കഴിയും, മാമ്മോദീസ പേര്)
* CCC 1265 പരിശുദ്ധാത്മാവിന്റെ ആലയം
* വചനം - അപ്പ. 2:38 (സ്നാനം സ്വീകരിക്കുവാൻ ആഹ്വാനം)

### പാഠത്തിന്റെ ഉള്ളടക്കം

* ശിശുപ്രായത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നു.
* നമുക്കുവേണ്ടി വിശ്വാസം ഏറ്റുപറയുന്നത് നമ്മുടെ മാതാപിതാക്കളും, തലതൊട്ടപ്പനും തലതൊട്ടമ്മയും, വിശ്വാസസമൂഹവുമാണ്.
* പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പുരോഹിതൻ ശിശുവിന്റെ തലയിൽ വെള്ളമൊഴിച്ചുകൊണ്ടാണ് ജ്ഞാനസ്നാനം നൽകുന്നത്.
* ഇതോടെ നാം സഭാമക്കളായിത്തീരുന്നു.
* സ്വർഗ്ഗത്തിന് അവകാശികളുമാകുന്നു.
* ജ്ഞാനസ്നാനത്തിലൂടെ ലഭിക്കുന്ന ദൈവികജീവനെ വരപ്രസാദം എന്നു പറയുന്നു.
* ദൈവമക്കളായി ജീവിക്കുവാൻ ശക്തി നൽകുന്നത് വരപ്രസാദമാണ്.
* ജ്ഞാനസ്നാനത്തിലൂടെ ദൈവം നമ്മിൽ വസിക്കുകയും നാം ദൈവാത്മാവ് വസിക്കുന്ന ആലയമായി മാറുകയും ചെയ്യുന്നു.

* ഉത്ഭവപാപത്തിൽനിന്നും കർമ്മപാപത്തിൽ നിന്നും നമ്മെ മോചിപ്പിച്ച് സ്വർഗ്ഗത്തി നവകാശിയായി മാറ്റുന്നു.
* നമുക്ക് പാടാം - മാമ്മോദീസാ മുങ്ങിയ നമ്മ....
* മനസ്താപ പ്രകരണം

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമെ, ജ്ഞാനസ്നാനത്തിലൂടെ എനിക്കു ലഭിച്ച വരപ്രസാദം നഷ്ടപ്പെടുത്താതെ ജീവിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതിന് എന്നെ സഹായിക്ക ണമേ.

## ചോദ്യങ്ങൾ

1. എന്താണ് ജ്ഞാനസ്നാനമെന്ന കൂദാശ?
2. ജ്ഞാനസ്നാന സമയത്ത് നമുക്കുവേണ്ടി വിശ്വാസം ഏറ്റുപറയുന്നത് ആരെല്ലാ മാണ്.
3. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങൾ ഏവ?
4. ജ്ഞാനസ്നാനമെന്ന കൂദാശ നൽകുന്നതാരാണ്?
5. മനസ്താപ പ്രകരണം ചൊല്ലുക/മാമ്മോദീസാ മുങ്ങിയ നമ്മൾ, ദൈവപിതാവിൻ പ്രിയമക്കൾ പാട്ടുപാടുക.